**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2634** 18.08.2017- ൽ മറുപടിക്ക്

**കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. ബാബു** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെയായി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;<br>(ബി) ബൈപ്പാസ് റോഡിന്റെ ഭരണാനുമതി എന്ന് ലഭിച്ചതാണെന്നും ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ? | (എ) യും (ബി) യും<br>സ.ഉ (സാധാ) നം. 1045/2009/പൊ.മ.വ തീയതി 14.07.2009 പ്രകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിൽ ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പിന് ആവശ്യമായ തുകയായ 10,57,20,000/- രൂപ (പത്തു കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ)യുടെ 25 ശതമാനമായ 2,64,30,000/- രൂപ (രണ്ട് കോടി അറുപത്തി നാല് ലക്ഷത്തി മുപ്പതിനായിരം രൂപ) കെട്ടിവയ്ക്കാൻ സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട പ്രകാരം ടി തുക അനുവദിക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് പരിശോധിക്കുകയും കൊല്ലങ്കോട് ബൈപ്പാസിനുള്ള സ്ഥലമേറ്റെടുക്കുന്നതിന് നിശ്ചിത തുക വകയിരുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ തുകയ്ക്ക് ഭരണാനുമതി നൽകി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ബൈപ്പാസ് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ